**Joseph Srampickal**
*Bishop,*
*Syro Malabar Eparchy of Great Britain*

Bishop's Office
Our Lady of Rosary and
St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: *bishop@csmegb.org*

Circular 16/2024 19 December 2024

# അൾത്താരശുശ്രൂഷകരുടെ പ്രാധാന്യം

***"ബലിപീഠത്തിലെ അഗ്നി നിരന്തരം കത്തിക്കൊണ്ടിരിക്കണം. അതു കെട്ടുപോകരുത്" (ലേവ്യർ 6:13).***

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

വിശുദ്ധ കുർബാനയുടെ സമയത്ത് ഈശോയ്ക്കുചുറ്റും നിൽക്കാൻ നിയോഗിക്കപ്പെട്ട ഭൂമിയിലെ മാലാഖമാർക്കു സമരാണ് അൾത്താരശുശ്രൂഷികൾ. ആരാധനാക്രമത്തിൽ അവർക്ക് ഒരു പ്രത്യേക സ്ഥാനമുണ്ട്. കേവലം പുരോഹിതന്റെ സഹായികൾ എന്നതിനേക്കാൾ നിത്യപുരോഹിതനായ ഈശോമിശിഹായുടെ ശുശ്രൂകർ എന്ന സ്ഥാനമാണ് ഇവർക്കുള്ളത്. ഇവർ തിരുസ്സഭയുടെ സന്തോഷവും പ്രതീക്ഷയും ആണ്.

കർത്താവിന്റെ അൾത്താരയിൽ പുരോഹിതന്മാർക്കൊപ്പം ശുശ്രൂഷ ചെയ്തിരുന്ന ബാലനായ സാമുവലിനെ നാം പഴയനിയമത്തിൽ *(samu 2;11)* കണ്ടുമുട്ടുന്നുണ്ട്. ഒരു അൾത്താരശുശ്രൂഷിക്കുവേണ്ട എല്ലാ ഗുണങ്ങളോടും കൂടി ബൈബിളിൽ കണ്ടുമുട്ടുന്ന ആദ്യ മാതൃകയായി ബാലനായ സാമുവലിനെ നമുക്കു കണക്കാക്കാം. ഈശോ സിനഗോഗിൽ വച്ച് ഏശയ്യ പ്രവാചകന്റെ പുസ്തകം വായിച്ചതിനുശേഷം ശുശ്രൂഷകനെ ഏല്പിച്ചതായി കാണുന്നു. (ലൂക്കാ 4;20). പുതിയനിയമകാലത്തും അൾത്താര ശുശ്രൂഷകർ സജീവമായിരുന്നു എന്നതിന് ഇതു തെളിവാണ്. സഭയിൽ ഔദ്യോഗികമായി ശുശ്രൂഷകർ ഉണ്ടായത് മ്ശംശാനമാരുടെ തിരഞ്ഞെടുപ്പോടു കൂടിയാണ്.(നടപടി 6:17).

എന്നാൽ ആരാധനാക്രമത്തിന് വ്യക്തമായ വളർച്ചയും രൂപഭാവങ്ങളും ഉണ്ടായപ്പോൾ ശുശ്രൂഷകരുടെ സ്ഥാനവും ചുമതലകളും എല്ലാം വ്യക്തമായി നിർവ്വചിക്കപ്പെട്ടു. വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ ഇപ്രകാരം പറയുന്നു: "നിങ്ങളുടെ കർത്തവ്യത്തിൽ എപ്പോഴും അർപ്പണബോധവും തീക്ഷ്ണതയും ഉള്ളവരായിരിക്കാൻ ഞാൻ നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. ദൈവത്തിന്റെ ശുശ്രൂഷകരെ സേവിക്കുന്നത് ഒരു ബഹുമതിയായി കണക്കാക്കുക. എല്ലാറ്റിനുമുപരിയായി അൾത്താരയിൽ ഈശോയെ ശുശ്രൂഷിക്കുന്നതിൽ സന്തോഷിക്കുവിൻ."

എല്ലാ അൾത്താര ശുശ്രൂഷകരും ദൈവരാജ്യത്തിലെ പരിചാരകരാണ്. ഈശോയെന്ന മഹാരാജാവിനെ ശുശ്രൂഷിക്കുന്നവർ. രാജാവിനെ ശുശ്രൂഷിക്കുന്നതിൽ അഭിമാനവും സന്തോഷവും തോന്നണം. ദൈവരാജ്യത്തിന്റെ പരിചാരകനാവുക എന്നതു നിസ്സാര കാര്യമല്ല. പെസഹാദിനത്തിൽ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയ ഗുരുവിന്റെ ശുശ്രൂഷാ മനോഭാവമാണ് ഓരോ അൾത്താര ശുശ്രൂഷിക്കും ഉണ്ടാകേണ്ടത്. അൾത്താരശുശ്രൂഷി ആവുക എന്നത് ദൈവത്തിന്റെ വിളിയാണ്. ദൈവം എല്ലാവരെയും വിളിക്കാറില്ല. ദൈവം തനിക്ക് ഇഷ്ടമുള്ളവരെയാണ് തന്റെ ശുശ്രൂഷകരായി വിളിക്കുന്നത്. ദൈവാലയത്തിൽ നടക്കുന്ന ഓരോ കർമ്മവും ഓരോ ആഘോഷമാണ്. വിശ്വാസത്തിന്റെ ആഘോഷങ്ങളാണ് കൂദാശകൾ ആയി പരികർമ്മം ചെയ്യപ്പെടുന്നത്. ദൈവജനത്തിന്റെ വിശ്വാസ പ്രകാശനമാണ് ദേവാലയത്തിലെ ആരാധനാക്രമത്തിലൂടെ പ്രകടമാകുന്നത്.

ആഘോഷങ്ങൾ ഭംഗിയായി നടത്തണമെങ്കിൽ ഓരോ ആഘോഷത്തെക്കുറിച്ചും ആദ്യ അവസാനം വരെ വളരെ വ്യക്തമായി അൾത്താര ശുശ്രൂഷകൾ മനസ്സിലാക്കിയിരിക്കണം. അതുകൊണ്ട് നമ്മുടെ രൂപതയിലെ അൾത്താരശുശ്രൂഷകർക്കു കൃത്യമായ പരിശീലനം നല്കാൻ Altar Servers ഫോറത്തിന്റെ നേതൃത്വത്തിൽ 2025 ഫെബ്രുവരി 15-നു ബർമ്മിംഗ്ഹാമിൽവച്ച് ഒരു ഏകദിന പരിശീലനപരിപാടി നാം സംഘടിപ്പിക്കുകയാണ്. Altar Servers ഫോറം ഡയറക്ടർ ബഹു. മാത്യു കുരിശുംമൂട്ടിലച്ചന്റെ നേതൃത്വത്തിലാണ് ഈ പ്രോഗ്രാം നാം നടത്തുന്നത്. ഇതിനു മുന്നോടിയായി നമ്മുടെ എല്ലാ ഇടവക/മിഷൻ/പ്രൊപ്പോസ്ഡ് മിഷനുകളിലും അൾത്താരശുശ്രൂഷികരുടെ ഗ്രൂപ്പ് രൂപീകരിക്കുകയും അവരിൽനിന്ന് ഒരു ലീഡറെയും മുതിർന്നവരിൽനിന്ന് ആനിമേറ്ററെയും കണ്ടെത്തണമെന്നും 2025 ഫെബ്രുവരി 15-നു നടക്കുന്ന പരിശീലനപരിപാടിയിലേക്ക് അവരെ പറഞ്ഞയയ്ക്കണമെന്നും പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഓരോ ഇടവക/മിഷൻ/പ്രൊപ്പോസ്ഡ് മിഷനിൽനിന്നും രണ്ടുപേരെയാണ് (ലീഡർ + ആനിമേറ്റർ) പ്രതീക്ഷിക്കുന്നത്. ഈ സർക്കുലറിനോടൊപ്പമുള്ള ഗൂഗിൾ ഫോം 2025 ജനുവരി 27-നു മുമ്പായി പൂരിപ്പിച്ചു നല്കാൻ ശ്രദ്ധിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ആരാധനാസമൂഹം എന്നതാണ് ഏറ്റവും അടിസ്ഥാനപരമായി സഭയുടെ വ്യക്തിത്വം. ആരാധന ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടുംകൂടെ പരികർമ്മം ചെയ്യുക എന്നത് അതിനാൽത്തന്നെ പരമപ്രധാനമായ കാര്യമാണല്ലോ. അതിനാൽ നമ്മുടെ രൂപതയിലെ Altar Servers ഫോറത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും എല്ലാ വൈദികരുടെയും ദൈവജനത്തിന്റെയും പ്രോത്സാഹനവും ശ്രദ്ധയും ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

യൗസേപ്പ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

CATHOLIC SYRO-MALABAR EPARCHY OF GREAT BRITAIN

---

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥലങ്ങളിലും 2024 ഡിസംബർ 29-നു വായിക്കേണ്ടതാണ് (അന്നു വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നില്ലെങ്കിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന ഏറ്റവും അടുത്ത ഞായറാഴ്ച വായിക്കേണ്ടതാണ്).